സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രവർത്തനങ്ങൾ	വിനിയോഗിച്ച/മാറ്റിവച്ച തുക (രൂപ കോടിയിൽ)
സർക്കാർ അംഗീകൃത ll ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയ തുക	1,00,35,840
കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിന് നൽകിയ തുക	30,00,000
കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന് സ്മാർട്ട് ക്ലാസ് ആരംഭിക്കുന്നതിന് നൽകിയ തുക	2,00,000
അർഹരായ കാഴ്ച വൈകല്യമുള്ളവർക്ക് ബ്രയ്ലി കമ്പ്യൂട്ടർ, വൈറ്റ് കെയ്ൻ എന്നിവ വാങ്ങുന്നതിന് മാറ്റിവച്ചിട്ടുള്ള തുക	1,50,00,000
ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മാനസികവൈകല്യമുള്ള ആൾക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി മാറ്റി വച്ച തുക	25,00,000
കളമശ്ശേരി മെഡിക്കൽ കോളേജിന് അധിക തുക അനുവദിക്കുന്നതിന് മാറ്റിവച്ച തുക	20,00,000
ആകെ വിനിയോഗിച്ച/മാറ്റിവച്ച തുക	3,27,35,840

(ബി-ഡി) സംസ്ഥാനത്ത് അന്ധരായവർക്ക് വൈറ്റ്കെയ്നും ബ്രെയ്ലി കമ്പ്യൂട്ടറും നൽകുവാൻ കെ.എസ്.ബി.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്ക് മാനദണ്ഡം നിശ്ചയിച്ച് ജില്ലാതലങ്ങളിൽ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നീര ഉൽപ്പാദത്തിന് ലൈസൻസ്

148 (T1974) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നീര ഉൽപ്പാദനത്തിന് എതെങ്കിലും സഹകരണ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണത്തിനെന്ന് വിശദമാക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന് വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നീര ഉല്പാദനത്തിന് സഹകരണസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. നീര എന്ന പാനീയം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ വ്യക്തികൾക്ക് നീര ലൈസൻസ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം

149 (1975) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിതമദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയിൽനിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ടം എക്സൈസ് വകുപ്പിനാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമായാണ് തുക അനുവദിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly